ഹദീസ്

# നന്മയുടെ കവാടങ്ങൾ

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنهُ قَالَ: قَالَ رَسُولُ اللَّهِ ﷺ: لِكُلِّ أَهْلِ عَمَلٍ بَابٌ مِنْ أَبْوَابِ الْجَنَّةِ ، يُدْعَوْنَ مِنْهُ بِذَلِكَ الْعَمَلِ ، وَلِأَهْلِ الصِّيَامِ بَابٌ يُدْعَوْنَ مِنْهُ، يُقَالُ لَهُ : الرَّيَّانُ ، فَقَالَ أَبُوبَكْرٍ رَضِيَ اللَّهُ عَنهُ: يَا رَسُولَ اللَّهِ هَلْ أَحَدٌ يُدْعَى مِنْ تِلْكَ الْأَبْوَابِ كُلِّهَا ؟ قَالَ : نَعَمْ ، وَ أَنَا أَرْجُو أَنْ تَكُونَ مِنْهُمْ يَا أَبَا بَكر

**അബൂഹുറയ്റ(റ)യിൽനിന്ന്: നബി(സ) പറഞ്ഞു: "ഓരോ കർമം ചെയ്യുന്നവർക്കും സ്വർഗത്തിൽ അവരവരുടേതായ കവാടങ്ങളുണ്ട്. കർമങ്ങൾ കണക്കിലെടുത്ത് ഓരോരുത്തരെയായി ആ കവാടങ്ങളിലേക്ക് വിളിച്ചുകൊണ്ടിരിക്കും. നോമ്പുകാർക്കും അവർ വിളിക്കപ്പെടുന്ന ഒരു കവാടമുണ്ട്. 'റയ്യാൻ' എന്നത്രെ അത് അറിയപ്പെടുക." അബൂബക്കർ(റ) ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, വല്ലവനും ഈ എല്ലാ വാതിലുകളിൽനിന്നും ഒരുമിച്ചു വിളിക്കപ്പെടുമോ?" നബി(സ) പറഞ്ഞു: "അതെ, ചിലർ അപ്രകാരം വിളിക്കപ്പെടും. താങ്കൾ അവരിൽ ഉൾപ്പെടുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു, അബൂബക്കർ!"***

**ആളുകൾ** പലതരക്കാരാണ്. നിറവും രൂപവും സ്വഭാവവുമെന്നപോലെ, ഓരോരുത്തരുടെയും അഭിരുചികളും താൽപര്യങ്ങളും വ്യത്യസ്തം. ചിലർ ആത്മീയ കാര്യങ്ങളിൽ കൂടുതൽ നിഷ്ഠ പുലർത്തുന്നു. മറ്റു ചിലർ സാമ്പത്തിക കാര്യങ്ങളിലായിരിക്കും കൂടുതൽ സൂക്ഷ്മത കാണിക്കുക. ജീവ കാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നു വേറെ ചിലർ.

അന്ത്യനാളിൽ ഒരാൾ സ്വർഗത്തിൽ പ്രവേശിക്കപ്പെടുക, ഐഹിക ജീവിതത്തിൽ താൻ കൂടുതൽ അടുപ്പം കാണിച്ചിരുന്ന കർമവുമായി ബന്ധപ്പെടുത്തിയായിരിക്കും. നമസ്കാരവുമായി കൂടുതൽ ബന്ധം പുലർത്തിയവൻ നമസ്കാരത്തിന്റെ കവാടത്തിലൂടെയാണ് സ്വർഗത്തിൽ കടക്കുക. സകാത്തും ദാനധർമങ്ങളുമായി ബന്ധം പുലർത്തിയവൻ അതിന്റെ കവാടത്തിലൂടെയും നോമ്പുമായി ബന്ധപ്പെട്ടവൻ അതിന്റെ കവാടത്തിലൂടെയും അകത്തു കടക്കും. ദൈവ മാർഗത്തിലെ ത്യാഗ പരിശ്രമങ്ങൾക്കും ധർമസമരത്തിനും മുന്തിയ പരിഗണന നൽകിയിരുന്നവർ അവയ്ക്കു നിശ്ചയിക്കപ്പെട്ട കവാടങ്ങളിലൂടെ സ്വർഗത്തിലെത്തുന്നു.

നോമ്പുകാർക്ക് നൽകപ്പെടുന്ന 'റയ്യാൻ' കവാടത്തെക്കുറിച്ച് ഹദീസിൽ പ്രത്യേക പരാമർശങ്ങളുണ്ട്. 'റയ്യാൻ' എന്നാൽ 'ദാഹശമനം നൽകുന്ന കവാടം' എന്നാണർഥം. 'റയ്യ്' എന്ന അറബി പദത്തിൽ നിന്നുണ്ടായതാണത്. വിശപ്പും ദാഹവുമാണല്ലോ നോമ്പുകാർ ഏറ്റവും കൂടുതലായി അനുഭവിക്കുന്നത്. ഇതിൽ തന്നെ ദാഹമായിരിക്കും വിശപ്പിനേക്കാൾ കൂടുതലായി നോമ്പുകാരനെ അലട്ടുക. വ്രതമാസത്തിൽ വിശ്വാസി അനുഭവിക്കുന്ന ഇത്തരം പ്രയാസങ്ങൾക്കുള്ള ദൈവിക പ്രത്യുപകാരമാണ് 'റയ്യാൻ' എന്ന കവാടവും സ്വർഗീയാരാമങ്ങളിലെ മറ്റനുഗ്രഹങ്ങളും. നബി(സ) പറഞ്ഞു: "അന്ത്യനാളിൽ നോമ്പുകാർ തങ്ങളുടെ ഖബറുകളിൽനിന്ന് പുറത്തുവരും. വ്രത സുഗന്ധത്താൽ അവർ തിരിച്ചറിയപ്പെടും. അവരുടെ വായയുടെ ഗന്ധം കസ്തൂരിയുടെ സുഗന്ധത്തേക്കാൾ പ്രിയങ്കരമായിരിക്കും. കസ്തൂരിയാൽ മുദ്രിതമായ പാനപാത്രങ്ങളും ഭക്ഷണത്തളികകളും അവർക്കു മുമ്പിൽ വെക്കപ്പെടും. എന്നിട്ട് പറയും: 'നിങ്ങൾ വിശപ്പനുഭവിച്ചവരാണല്ലോ, അതിനാൽ മതിവരുവോളം ഭക്ഷിച്ചുകൊള്ളൂ! നോമ്പെടുത്ത് ദാഹിച്ചവരാണല്ലോ, അതിനാൽ കുടിച്ചുകൊള്ളൂ!' അങ്ങനെ അവർ അതിൽനിന്ന് തിന്നുകയും കുടിക്കുകയും ചെയ്യും. മറ്റുള്ളവരാവട്ടെ വിശപ്പും ദാഹവും സഹിച്ച് ദൈവ സന്നിധിയിൽ വിചാരണ നേരിടുകയായിരിക്കുമപ്പോൾ" (ദൈലമി, അബൂശൈഖ്).

ആരാധനകൾ എല്ലാം അനുഷ്ഠിക്കേണ്ടതില്ലെന്നോ ഏതെങ്കിലുമൊരു കർമം ചെയ്താൽ തന്നെ ഒരാൾ സ്വർഗസ്ഥനാവുമെന്നോ ഇതിനർഥമില്ല. ദീനിലെ നിർബന്ധ ബാധ്യതകൾ ഒന്നൊഴിയാതെ നിറവേറ്റാൻ വിശ്വാസികൾ ബാധ്യസ്ഥരാണ്. അപ്പോൾ മാത്രമേ അല്ലാഹുവിന്റെ പ്രീതിയും അനുഗ്രഹവും ലഭിക്കുകയുള്ളൂ. വിധിവിലക്കുകളിൽ ചിലത് സ്വീകരിക്കുകയും ചിലത് അവഗണിക്കുകയും ചെയ്യുന്നത് ദൈവകോപത്തിന് കാരണമാവുന്ന കുറ്റകൃത്യമാണ്. പ്രകൃത ഹദീസിൽ നബി(സ) സൂചിപ്പിക്കുന്നത് മറ്റൊരു കാര്യമാണ്. നിർബന്ധ ബാധ്യതകളെല്ലാം യഥാവിധി നിർവഹിച്ചുകൊണ്ടുതന്നെ വ്യക്തികൾക്ക് ചിലപ്പോൾ ചില ആരാധനകളോടും അനുഷ്ഠാനങ്ങളോടും സവിശേഷ താൽപര്യവും അടുപ്പവും തോന്നാം. അധികപേരുടെയും വ്യക്തിത്വത്തിൽ ഉൾച്ചേർന്നിരിക്കും ഈ സ്വഭാവ ഗുണം. അത്തരക്കാർ തങ്ങൾക്കടുപ്പം തോന്നുന്ന കർമങ്ങളിൽ മറ്റുള്ളവരെക്കാൾ മുമ്പിലായിരിക്കും. ഇക്കാരണത്താൽ അന്ത്യനാളിൽ ആ കർമം സവിശേഷം പരിഗണിക്കപ്പെടും എന്നേയുള്ളൂ.

എന്നാൽ ചിലരുണ്ട്. സർവരംഗങ്ങളിലും മറ്റുള്ളവരെ മുൻകടക്കുന്നവരാണവർ. ആരാധനയിലും ആത്മീയതയിലും ദാനധർമങ്ങളിലും സേവന പ്രവർത്തനങ്ങളിലുമെല്ലാം ഒരുപോലെ മറ്റുള്ളവരെ കവച്ചുവെച്ചവർ. ഇത്തരക്കാർ ഏതൊരു സമൂഹത്തിലും നന്നെ വിരളമായിരിക്കുമെങ്കിലും; പ്രവാചകന്റെ ആത്മമിത്രം അബൂബക്കർ സിദ്ദീഖി(റ)നെ പോലെ. ■

**ജഅ്ഫർ എളമ്പിലാക്കോട്**
jafarelkd@gmail.com

** ഇമാം അഹ്മദ് 2/449, ഇബ്നു അബീശൈബ 3/7 തുടങ്ങിയവർ ഉദ്ധരിച്ച ഈ തിരുവചനം 'സ്വഹീഹ്' ആണെന്ന് പ്രമുഖ ഹദീസ് പണ്ഡിതൻ ശൈഖ് ശുഐബ് അൽ അർനഊത്.*

Vol. No: 67 Issue No. 9 Printed (at Roshni Press, Kozhikode-12) and published by K.M. Abdul Ahad on behalf of Islamic Service Trust Kerala Kozhikode-12, Phone: 2730744 Fax: 0495- 2731342, E-mail: editorprabodhanam@gmail.com - Editor: T.K. Ubaid